**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4350** **28-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ നിയമത്തിലെ ഭേദഗതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . പി . ഉബൈദുള്ള | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിലും സംഘങ്ങളിലും ക്രമക്കേടുകൾ ആവർത്തിക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർച്ചയായി രണ്ടു തവണയിലധികം ഒരാൾക്ക് ഭരണ സമിതി അംഗമാകാനാകില്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തി നിയമഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | സഹകരണ രംഗത്തെ വെല്ലുവിളികൾ നേരിടുന്നതിന് അനുയോജ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി സമഗ്രപരിഷ്കരണത്തിനാണ് സാക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | സഹകരണ നിയമത്തിൽ മറ്റ് എന്തെല്ലാം ഭേദഗതികൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; | (ബി) | സഹകരണ രംഗത്തെ വെല്ലുവിളികൾ നേരിടുന്നതിന് അനുയോജ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി സമഗ്രപരിഷ്കരണത്തിനാണ് സാക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനു വേണ്ടി 1969 ലെ കേരള സഹകരണ സംഘ നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിലേയ്ക്കായി അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചിരുന്നു. സഹകരണ രംഗത്ത് ഉയർന്നു വരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി സമഗ്രനിയമ പരിഷ്കരണത്തിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് ഒരു സമിതിയെയും നിയോഗിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ